**തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)**
**ജില്ലാ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് – കഞ്ഞിക്കുഴി വില്ലേജ് – **പെട്രോൾ പമ്പ്** നിർമ്മാണം – ലേ –ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം പുതുക്കി നൽകി ഉത്തരവാകുന്നു.

പരാമർശം – 1. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സീനിയർ ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജറുടെ 04/01/2020-ലെ അപേക്ഷ
2. ജില്ലാ ടൗൺ പ്ലാനറുടെ 07/02/2020-ലെ TCPALP/18/2020-C/കെ.ഡിസ് നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ TCPALP/ 1076 /2020-C/കെ.ഡിസ് തീയതി :12/11/2020**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കഞ്ഞിക്കുഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 33 റീ-സർവ്വേ നമ്പർ 198/1, 199/1, 199/2 –ൽപ്പെട്ട 4835 ച.മി. വിസ്തീർണ്ണമുള്ള ലീസിനെടുത്ത് വസ്തുവിൽ സെയിൽസ് ബിൽഡിംഗ് 65.64 ചതുരശ്ര മീറ്റർ, കനോപ്പി 575 ചതുരശ്ര മീറ്റർ ഉൾപ്പെടെ ആകെ **640.64** ചതുരശ്ര മീറ്റർ വിസ്തീർണ്ണവും, എഫ്.എസ്.ഐ. 0.13, കവറേജ് 13.25 ശതമാനവുമുള്ള അപായ സാധ്യത വിനിയോഗ ഗണം **(I)**ൽപ്പെടുന്ന **പെട്രോൾ പമ്പ്** നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി പരാമർശിത കത്ത് മുഖേന ലഭ്യമാക്കിയ **ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സീനിയർ ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജറുടെ** അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ഉത്തരവ് റദ്ദ് ചെയ്തും, കെ.പി.ബി.ആർ.-2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്) എന്നിവയുടെ അംഗീകാരം പതുക്കി നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമ്മാണാവകാശം, സർവ്വേ നമ്പരുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. യൂസേജ് ഓഫ് പ്ലോട്ട് /ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് പഞ്ചായത്ത് ഗ്രാമ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. പ്രസ്തുത സ്ഥലത്ത് അംഗീകൃത കെട്ടിടനിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം
6. നാഷണൽ ഹൈവേയുടെ വികസനത്തിന് ആവശ്യമായ സ്ഥലം പ്രത്യേകം

മാറ്റിയിട്ട് ആവശ്യമായ Set back നൽകിയതിനു ശേഷം മാത്രമേ പുതിയ നിർമ്മാണം നടത്തുന്നുള്ളൂ എന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

7. KPBR 2019 ചട്ടം 22(4)പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. KPBR 2019 ചട്ടം 34(3)(2) പ്രകാരം ആവശ്യമായ ശുചീകരണസൗകര്യങ്ങൾ നൽകിയിരിക്കണം
9. Rule 47(1) പ്രകാരം fuel tank ,Vent pipe തുടങ്ങിയവ Petroleum Act 2002 അനുശാസിക്കുന്ന രീതിയിലുള്ള set back നൽകിക്കൊണ്ടാണ് നിർമ്മാണം നടത്തുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
10. "Rule 3(1) Provided further that the addition ,extension or new building shall be permitted . only if the site and existing buildings are authorised" എന്ന കെട്ടിട നിർമ്മാണ ചട്ടം പ്രകാരം ടി സൈറ്റിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും, നിയമം അനുശാസിക്കുന്ന രീതിയിൽ ആവശ്യമായ അനുമതി വാങ്ങി നിർമ്മാണം പൂർത്തീകരിച്ച് , Occupancy വാങ്ങിയിട്ടുള്ളതാണ് എന്നും പിന്നീട് ഉപയോഗത്തിൽ മാറ്റം വരുത്തിയിട്ടില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തിയതിനു ശേഷമേ പുതിയ നിർമ്മാണത്തിന് അനുമതി നൽകാവൂ.
11. പ്രസ്തുത നിർമ്മാണം KPBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

**<u>അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ 18/2020</u>**

Signature Not Verified
Digitally signed by INDU VIJAYANATH Date: 2020.11.12 14:44:32 IST Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സ്വീകർത്താവ് :

**സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്** ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് -

1. സീനിയർ ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി ഡിവിഷണൽ ഓഫീസ്, പനമ്പിള്ളി അവന്യൂ, പനമ്പിള്ളി നഗർ, കൊച്ചി.
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ